ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അതൊക്കെ ഗവൺമെന്റ് പരിശോധിക്കാം. ആവശ്യമായ കാര്യങ്ങളൊക്കെയും ത്വരിതഗതിയിലാക്കാം.

(8) കൊടുമൺ പഞ്ചായത്തിലെ കടവിൽത്തോട്ടം മിച്ചഭൂമി

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: സർ, അടൂർ താലൂക്കിൽ അങ്ങാടിക്കൽ വില്ലേജിൽ സർവേ 432/2 നമ്പരിൽപ്പെട്ട 25 ഏക്കർ കടവിൻത്തോട്ടം മിച്ചഭൂമി, ഓരോ ഹരിജൻ കുടുംബത്തിനും 50 സെന്റ് വീതം പതിച്ചുകൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിനു മേപ്പടി വസ്തു കൈമാറുന്നതിനു നടപടികൾ സ്വീകരിക്കുന്നതിനു ആവശ്യമായ നിർദ്ദേശം ഗവൺമെന്റിൽനിന്നും പത്തനംതിട്ട കളക്ടർക്ക് നൽകിയിരുന്നു. അതിനെ തുടർന്ന് വസ്തു അളന്ന് തിരിച്ചുകൊടുക്കണമെന്ന് ഹരിജൻ വെൽഫെയർ ഡയറക്ടർ അടൂർ ആർ. ഡി. ഒ. യോട് ആവശ്യപ്പെട്ടിരുന്നു. ഉത്തരവുകൾക്കു വിധേയമായി 41 പേർക്ക് നറുക്കെടുപ്പിലൂടെ 50 സെന്റ് വീതം ഭൂമി വിതരണം ചെയ്യാൻ തീരുമാനമുണ്ടായി. 30-10-1985-ൽ ഹരിജൻ വെൽഫെയർ ഓഫീസിൽവെച്ച് ഇവർ ഉടമ്പടിയിൽ ഒപ്പിടുകയും ചെയ്തു. പ്ലോട്ടുകൾ അന്നുതന്നെ അപേക്ഷകർക്ക് അളന്ന് തിരിച്ചുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. അവർ അവിടെയെല്ലാം കുടിലുകൾ കെട്ടി താമസിച്ചു. പക്ഷെ 12-12-1985-ൽ ആർ. ഡി. ഒ. യും വില്ലേജ് ഓഫീസറും തഹസിൽദാരും പോലീസുകാരേയും കൊണ്ടുചെന്ന് അവരുടെ കുടിലുകൾ എല്ലാം പൊളിച്ചുകളഞ്ഞു. അതുകൊണ്ട് ആ ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 25 ഏക്കർ മിച്ചഭൂമി അങ്ങാടിക്കൽ വില്ലേജിൽ ഉണ്ടായിരുന്നു. അത് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിലേക്ക് 28-9-1982-ൽ ട്രാൻസ്ഫർ ചെയ്തു. അങ്ങനെ ട്രാൻസ്ഫർ ചെയ്ത ഭൂമി 7-10-1985-ൽ ഹരിജൻ വെൽഫെയർ ഡിസ്ട്രിക്റ്റ് അഡ്വൈസറി കമ്മറ്റി കൂടുകയും അത് കൂടെ ആളുകൾക്കുവേണ്ടി അസൈൻ ചെയ്തു കൊടുക്കുകയും ചെയ്തു. 30-10-1985-ലാണ് അതിനെക്കുറിച്ചുള്ള ഫോർമൽ ഓർഡേഴ്സ് ഇഷ്യൂ ചെയ്തത്. അതിനുശേഷം ഇതിനെ സംബന്ധിച്ച് ചില പരാതികൾ വരുകയും ആക്ഷേപം ഉയർന്നുവരുകയും ചെയ്തു. ആ പരാതികളുണ്ടായ അതേ സന്ദർഭത്തിൽ തന്നെ ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്യപ്പെട്ടു. അതിനുശേഷം ആ റിട്ട് പെറ്റീഷൻ തള്ളിക്കളഞ്ഞിട്ടുണ്ട്. ഇതിനിടയിൽ ഗവൺമെന്റിന് ചില പരാതികൾ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ 1-1-1986-ൽ ഗവൺമെന്റ് ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് എടുത്ത എല്ലാ നടപടികളും സ്റ്റേ ചെയ്തിരിക്കുകയാണ്. സർ, ഇപ്പോഴത്തെ സ്ഥിതിയെന്നു പറയുന്നത് ഈ അസൈൻ ചെയ്തുകൊടുത്തിരിക്കുന്ന ആളുകളുടെ എലിജിബിലിറ്റിയെ സംബന്ധിച്ചിടത്തോളം 41 പേർക്കാണ് അസൈൻ ചെയ്തതെന്നും അതിന്റെ എലിജിബിലിറ്റി എന്താണെന്നുള്ളതിനെ കൊടുത്തത്. കൊടുത്തതിനുശേഷം ജില്ലാ സംബന്ധിച്ച് ഒന്നുകൂടി റീ-ചെക്ക് ചെയ്യാൻ പറഞ്ഞ് ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

കളക്ടർക്ക് ഉത്തരവ് കൊടുത്തിരിക്കുകയാണ്. 25-7-1986-ലാണ് ഈ ഉത്തരവ് കൊടുത്തത്. അതിനുശേഷം അത് റീ-ചെക്ക് ചെയ്തതിനുശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(9) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. ദിനകരൻ: സർ, ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയമായ സ്ഥിതിയെ കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്. അവിടെ കെട്ടിടം പണി വളരെ മന്ദഗതിയിലാണ്. അവിടെ 30 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ഒരു ജനറേറ്റർ പോലുമില്ല. സ്കാൻ, എക്സ്റേ വാങ്ങുന്നതിന് 17 ലക്ഷം രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടിയിട്ടില്ല. അവിടെ ഹെൽത്ത് ക്ലിനിക്ക് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു. 67 ലക്ഷം രൂപയുടെ സ്കീമാണ്. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടി. പക്ഷേ പണി നടന്നിട്ടില്ല. അവിടെ സ്റ്റാഫ് കാർ പോലുമില്ല. ആംബുലൻസില്ല. ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം ശോചനീയമാണ്. ആ ആശുപത്രിയുടെ ദുഃസ്ഥിതി അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ആലപ്പുഴ മെഡിക്കൽ കോളേജിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. അവിടെ ഓപ്പറേഷൻ തീയേറ്ററിൽ കറൻറ് കിട്ടാതിരിക്കുന്നതുകൊണ്ട് ഓപ്പറേഷൻ നടക്കുന്നില്ല. ഇപ്പോൾ 150 ബെഡ്ഡുകളുള്ള ഒരു ആശുപത്രി കെട്ടിടത്തിന്റെ പണി നടന്നുവരികയാണ്. കഴിഞ്ഞ വർഷം ഞാൻ തന്നെ ആ ആശുപത്രി സന്ദർശിക്കുകയുണ്ടായി. കെട്ടിട നിർമ്മാണം ഡിസംബർ മാസം 31-ന് മുൻപ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അവിടെ ഡോക്ടർമാരെ പോസ്റ്റ് ചെയ്താലും അവർ അവിടെ പോകാൻ വിസമ്മതിക്കുന്നതിന് കാരണം അവിടെ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സില്ലാത്തതുകൊണ്ടാണ്. അങ്ങ് അവിടത്തെ എം. പി. ആയിരുന്ന ആളാണ്. അങ്ങേക്ക് ഈ കാര്യം അറിയാവുന്നതാണ്. പ്രിൻസിപ്പൽ, പ്രൊഫസർമാർ, അസോഷിയേറ്റഡ് പ്രൊഫസർമാർ, ട്യൂട്ടേഴ്സ്, നേഴ്സസ് ഇവർക്കെല്ലാം വേണ്ട ക്വാർട്ടേഴ്സ് പണിയാനുള്ള ഉത്തരവ് ഗവൺമെൻറ് നൽകിക്കഴിഞ്ഞു.

V. 29-7-1986-ലെ *441-ാം നമ്പർ ചോദ്യം സംബന്ധിച്ചുള്ള തൊഴിൽ വകുപ്പു മന്ത്രിയുടെ പ്രസ്താവന

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഇന്നലെ കയർ വെൽഫെയർ സ്കീമിലേക്കുള്ള ബഡ്ജറ്റ് അലോട്ടുമെൻറിനെക്കുറിച്ച് പറയാമെന്ന് പറഞ്ഞിരുന്നു. 1983-84-ലേക്ക് 2.5 ലക്ഷം രൂപയായിരുന്നു ബഡ്ജറ്റ് പ്രൊവിഷൻ. അതിൽ 89,400 രൂപ ചെലവാക്കി. ആദ്യവർഷമായതുകൊണ്ട് യഥാസമയം ആവശ്യമായിട്ടുള്ള അപ്ലിക്കേഷൻസ് കിട്ടുന്നതിനും മറ്റും താമസമുണ്ടായി. അവസാനത്തെ സമയമായപ്പോൾ ഫൈനാൻഷ്യൽ കട്ടും ഉണ്ടായതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly